ആന്റിബയോട്ടിക്കുകളുടെ വിലവർദ്ധന നിയന്ത്രിക്കുവാൻ നടപടി

*16 [15] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആന്റിബയോട്ടിക്കുകളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള രോഗികളെ ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആന്റിബയോട്ടിക്കുകളുടെ വിലവർദ്ധനവ് നിയന്ത്രിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഇല്ല പ്രധാനപ്പെട്ട ആന്റിബയോട്ടിക്കുകളുടെ വിലകൾ കഴിഞ്ഞ വർഷം കൂടിയിട്ടില്ല.

(ബി) ഇല്ല.

(സി) ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ് അതോറിറ്റിയാണ് നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന വിലയിൽ കൂടുതൽ നിർമ്മാതാക്കൾക്ക് ഈടാക്കാൻ അവകാശമില്ല. ഔഷധങ്ങളുടെ വിലനിയന്ത്രണം സംസ്ഥാന സർക്കാരിന്റെ പരിധിയിൽപ്പെടുന്നതല്ല.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

*17 [16] ശ്രീ. വർക്കല കഹാർ:

,, സി. പി. മുഹമ്മദ്:

,, എം. പി. ഗംഗാധരൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly